പതിനഞ്ചാം കേരള നിയമസഭ

ബുള്ളറ്റിൻ ഭാഗം - 2

2021 ജൂൺ 03

നമ്പർ : 23

**ചോദ്യ ബുക്ക്‌ലെറ്റുകളുടെയും ബുള്ളറ്റിനുകളുടെയും വിതരണം സംബന്ധിച്ച്**

കടലാസ് രഹിത നിയമസഭ ലക്ഷ്യമിട്ടുകൊണ്ടുള്ള ഇ-നിയമസഭ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സഭാ സമ്മേളനങ്ങളിൽ മന്ത്രിമാർ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ (AOD), ചോദ്യങ്ങളുടെ നറുക്കെടുപ്പ് പട്ടിക, ചോദ്യങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച പട്ടിക എന്നിവ സംബന്ധിച്ച ബുള്ളറ്റിനുകളും ചോദ്യബുക്ക്‌ലെറ്റുകളും (നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതും) അംഗങ്ങൾക്കും മന്ത്രിമാരുടെ ഓഫീസുകൾക്കും വിവിധ വകുപ്പുകൾക്കും ഇ-നിയമസഭ മൊഡ്യൂളിലൂടെ ഇപ്പോൾ പൂർണ്ണമായും ഓൺലൈനിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ, നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിലും ഇവ ലഭ്യമാണ്. ആയതിനാൽ പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം മുതൽ ഇവയുടെ അച്ചടിച്ച പകർപ്പുകളുടെ വിതരണം താഴെപ്പറയും വിധം പരിമിതപ്പെടുത്തുന്നതാണ്.

AOD ഉൾപ്പെടെയുള്ള ബുള്ളറ്റിനുകൾ - അംഗങ്ങൾക്ക് മാത്രം (സമൻസിനൊപ്പം കവറിൽ).

ചോദ്യ ബുക്ക്‌ലെറ്റുകൾ - അംഗങ്ങൾക്ക് മാത്രം (ചോദ്യദിവസത്തിന് തലേന്ന് കവറിൽ).

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.

Fcpla/SI.